(എ) കൊച്ചിയിലെ ഇറ്റാലിയൻ ഫാഷൻ സിറ്റിയുടെ പ്രവർത്തനം ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്നേക്ക് ഇത് പ്രവർത്തനസജ്ജമായിത്തീരും;

(ബി) ഇവിടേക്ക് എത്ര വിദേശ വ്യവസായികൾ എത്തിച്ചേരും; ഈ ഫാഷൻ സിറ്റിയിൽ എന്ത് തുകയുടെ നിക്ഷേപം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു എന്നറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)

(എ) ആരംഭിച്ചിട്ടില്ല. കൊച്ചിയിൽ കിൻഫ്ര പുതുതായി ഏറ്റെടുത്തു കൊണ്ടിരിക്കുന്ന 104 ഏക്കർ ഭൂമിയിൽ ഒരു ഫാഷൻ സിറ്റി സ്ഥാപിക്കുന്നതിനായി ഇറ്റലിയിലെ ലിബർട്ടി ഗ്രൂപ്പുമായി ചർച്ചകൾ നടക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തിയതിനു ശേഷമേ നിക്ഷേപതീരുമാനമുണ്ടാകുകയുള്ളൂയെന്നതിനാൽ എന്നേക്ക് പ്രവർത്തനസജ്ജമാകുമെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(ബി) ആകെ എത്ര വ്യവസായികളുണ്ടാവുമെന്ന് ഇപ്പോൾ പറയാനാവില്ല: ഫാഷൻ സിറ്റിയുടെ പ്രാരംഭ ഘട്ടത്തിൽ ഏതാണ്ട് 150 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബിസിനസ് ടു ബിസിനസ് മീറ്റ്

*9 [321] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, പ്രൊഫ. എ. ഡി. മുസ്തഫ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യമായി ബിസിനസ് ടു ബിസിനസ് മീറ്റ് നടന്നതെന്നായിരുന്നു;

(ബി) അതിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നും എത്രപേർ പങ്കെടുത്തു;

(സി) ഈ മീറ്റിന്റെ ഫലമായി ലഭിച്ച വ്യാപാരാന്വേഷണങ്ങളിൽ എത്രയെണ്ണത്തിന് ഓർഡർ ലഭിച്ചു; എന്തു തുകയ്ക്കുള്ള ഓർഡർ ലഭിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്);

(എ) 2004 ഫെബ്രുവരി മാസം 19-ാം തീയതി മുതൽ 21-ാം തീയതി വരെ സംസ്ഥാനത്ത് ആദ്യമായി എറണാകുളത്തുവച്ച് ബിസിനസ് ടു ബിസിനസ് മീറ്റ് നടന്നു.

(ബി) പ്രസ്തുത മീറ്റിൽ അന്യ സംസ്ഥാനങ്ങളിൽനിന്ന് 218 പേരും വിദേശ രാജ്യങ്ങളിൽനിന്ന് 41 പേരും വിദേശ എംബസി കോൺസുലേറ്റിൽനിന്ന് 19 പേരും പങ്കെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ മീറ്ററിന്റെ ഫലമായി 2859 വ്യാപാരാന്വേഷണങ്ങൾ ലഭിക്കുകയുണ്ടായി. തുടർന്ന് 6—8 കോടി രൂപയ്ക്കുള്ള ഓർഡറുകൾ ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. അതിൽ 93 എണ്ണത്തിന് ഓർഡർ ലഭിച്ചു. ഇപ്പോൾ 772 എണ്ണം വിവിധ ഘട്ടങ്ങളിലാണ്.

പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ നടപടി

*10 [322] ശ്രീ. വി. ചെന്താമരാക്ഷൻ:
,, എം. വി. ജയരാജൻ:
,, മത്തായി ചാണ്ടി:
,, പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത രംഗത്ത് പൊതുമേഖലയും സ്വകാര്യ മേഖലയും തമ്മിൽ ഉള്ള അതിർവരമ്പുകൾ ഇല്ലാതാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സർക്കാർ നയം വിശദമാക്കാമോ;

(ബി) ഇത്തരമൊരു നിർദ്ദേശം എ.ഡി.ബി.-യിൽ നിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ എ.ഡി.ബി. നിർദ്ദേശം വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ മൂലധന നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് പൊതുമേഖലയിൽ ഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ തയ്യാറാവുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ, ബി, സി) ഇക്കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല.

അങ്കമാലിയിലെ ടെൽക്കിന്റെ സ്വകാര്യവൽക്കരണം

*11 [323] ശ്രീ. എ. സി. മൊയ്തീൻ:
,, കെ. രാധാകൃഷ്ണൻ:
,, വി. കെ. മന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ അങ്കമാലിയിലെ ടെൽക്കിന്റെ 2003-04-ലെ ലാഭം എത്രയാണെന്ന് പറയാമോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) ഇതു സംബന്ധിച്ച് 'അരെവ' എന്ന ഫ്രഞ്ചു കമ്പനിയുമായി സർക്കാർ എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ;

(ഡി) ഈ പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുന്ന നടപടി നിറുത്തിവെയ്ക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

LIBRARY ARCHIVES Kerala Legislative Assembly